എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം കൊച്ചിൻ ഫെർട്ടിലൈസേർസ് ആന്റ് ഫുഡ് ഗ്രൈൻ ഹാന്റ്ലിംഗ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 898-ന്റെ ലിക്വിഡേറ്ററായി കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വില്ലിങ്ടൺ ഐലന്റ് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ 19-12-1998-ൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ ലിക്വിഡേറ്റർക്ക് ലഭിച്ചിട്ടില്ല. സംഘത്തിന്റെ കിട്ടാനുള്ളതും കൊടുക്കാനുള്ളതും ആയ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ലാത്തതാണ്. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള കേരള ബാങ്കിന്റെ എല്ലാ ശാഖകളിലും ടി സംഘത്തിന്റെ പേരിലോ ലിക്വിഡേറ്ററുടെ പേരിലോ ഏതെങ്കിലും തരത്തിലുള്ള അക്കൗണ്ടുകൾ ഉണ്ടോ എന്ന വിവരം ശേഖരിക്കുന്നതിനായി ലിക്വിഡേറ്റർ കത്ത് നൽകുകയും, എന്നാൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ നേരിട്ട് പല ദിവസങ്ങളിലായി ബാങ്ക് ശാഖ സന്ദർശിച്ചപ്പോൾ ഇത്തരത്തിലുള്ള അക്കൗണ്ടുകൾ ഒന്നും തന്നെ ഇല്ല എന്ന വിവരം ആണ് ലഭിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിലും സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (3) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കൊച്ചിൻ ഫെർട്ടിലൈസേർസ് ആന്റ് ഫുഡ് ഗ്രൈൻ ഹാന്റ്ലിംഗ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 898-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (2) തീരുമാനവും കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (3) പ്രകാരം ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(11)

നമ്പർ 3442/2025/എ.ഇ.എൽ.കെ.ഡിസ്. 2025 ഒക്ടോബർ 27.

വിഷയം :—സമാപ്തീകരണം—തോപ്പുംപടി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 661-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) ബഹു. സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ജനറൽ)-ന്റെ 24-1-1974-ലെ എച്ച് 6713/7/KDISP നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-9-2025 തീയതിയിലെ 3442/2025 എ.ഇ.എൽ നമ്പർ ഉത്തരവ്.

(3) തോപ്പുംപടി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 661-ന്റെ ലിക്വിഡേറ്ററുടെ 6-10-2025 തീയതിയിലെ 1 നമ്പർ തീരുമാനം.

(4) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-10-2025 തീയതിയിലെ P81/71 നമ്പർ കത്ത്.

തോപ്പുംപടി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 661 സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറിന്റെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി പള്ളുരുത്തി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 25-4-1974-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. കേരള സഹകരണ നിയമം 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുവാനുള്ള നടപടികൾക്കെതിരെ ആർക്കെങ്കിലും ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ 2018 ജൂൺ 26 തീയതിയിലെ കേരള ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി ആരും തന്നെ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതുമാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്ത് തീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതിത്തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ ഒരു പൊതുയോഗം 3-10-2025-ന് നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിലും തോപ്പുംപടി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 661-ന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

തോപ്പുംപടി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 661-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വരുന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശസഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(12)

നമ്പർ 497/2025/എ.ഇ.എൽ. 2025 സെപ്റ്റംബർ 30.

വിഷയം :—സമാപ്തീകരണം—കുന്നുംപുറം സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 133-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ക്രെഡിറ്റ്) തിരുവനന്തപുരത്തിന്റെ 2-6-1972 തീയതിയിലെ സി.എസ്(2)23675/70 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 30-8-2025 തീയതിയിലെ 497/2025 എ.ഇ.എൽ നമ്പർ ഉത്തരവ്.

(3) കുന്നുംപുറം സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 133 ലിക്വിഡേറ്ററുടെ 29-9-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(4) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-9-2025 തീയതിയിലെ 533/72UI(2) നമ്പർ കത്ത്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ക്രെഡിറ്റ്) തിരുവനന്തപുരത്തിന്റെ സൂചന (1) ഉത്തരവ് പ്രകാരം കുന്നുംപുറം സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 133-ന്റെ ലിക്വിഡേറ്ററായി കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മട്ടാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ 21-9-1972-ൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. 31-7-2023-ൽ കൊച്ചി സഹകരണ ആഡിറ്റ് ഡയറക്ടർക്ക് ടി സംഘത്തിന്റെ ആഡിറ്റ് എന്ന് വരെ പൂർത്തിയായിട്ടുണ്ടെന്നും ഒടുവിലത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ഉന്നയിച്ചുള്ള കത്ത് നൽകിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിന്റെ മറുപടിയായി 9-8-2023-ൽ ടി സംഘത്തിന്റെ യാതൊരു വിവരങ്ങളും ലഭ്യമല്ല എന്ന് കൊച്ചി ആഡിറ്റ് ആഫീസിൽ നിന്ന് അറിയിക്കുകയുണ്ടായി. സംഘത്തിനെ സംബന്ധിച്ച കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ല. സംഘത്തിന്റെ ആസ്തികൾ മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് രേഖകളും ലഭ്യമല്ലാത്തതാണ്. ഓഫീസിലെ ലഭ്യമായ രേഖകളിൽ നിന്നും 2300 രൂപ സർക്കാർ ഓഹരി അടയ്ക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു. ബാദ്ധ്യതകൾ കൊടുത്ത് തീർക്കുന്നതിനായി ലിക്വിഡേറ്ററുടെ കൈവശം ഫണ്ടില്ലാത്ത സാഹചര്യത്തിൽ കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച് അടച്ചിട്ടുള്ളതാണ്. മറ്റ് ബാദ്ധ്യതയിൽ ഉൾപ്പെട്ട 59209.33 രൂപ സംഘത്തിന്റെ കണക്കിൽ നിന്നും കുറവ് ചെയ്ത് സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംഘത്തിന്റെ കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ലാത്തതാണ്. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് Ledger, Day book തുടങ്ങിയ യാതൊരു രേഖയും ലഭ്യമല്ലാത്തതാണ്. സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസ്യൂതമായി റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കുന്നുംപുറം സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ 133-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനവും കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരമുള്ള ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(13)

നമ്പർ 3453/2025/എ.ഇ.എൽ. 2025 സെപ്റ്റംബർ 17.

വിഷയം :—സമാപ്തീകരണം—കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 322-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-11-1991-ലെ എച്ച്.എം. 8387/91 നമ്പർ ഉത്തരവ്.

(2) കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 322-ന്റെ ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(3) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 9-9-2025 തീയതിയിലെ 1438/1991 നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 322-ന്റെ ലിക്വിഡേറ്ററായി കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മട്ടാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ 25-1-1992-ൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ ഓഡിറ്റ് സർട്ടിക്കറ്റ്, നാൾവഴി മുതലായ യാതൊന്നും ലഭ്യമല്ലാത്തത് ആണ്. അവസാന ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല എന്ന് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ സംഘത്തിന്റെ ശരിയായ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. കേരളബാങ്ക് മട്ടാഞ്ചേരി ശാഖയിൽ ലിക്വിഡേറ്ററുടെ പേരിൽ സംഘത്തിന് 124208.57 രൂപ ബാക്കി നിൽപ്പുണ്ട് എന്നും ഓഫീസ് രേഖകളിൽ നിന്നും സർക്കാർ ഓഹരി ആയി 98800 രൂപ അടയ്ക്കാൻ ബാക്കി ഉണ്ട്. ആയതിൻ പ്രകാരം സർക്കാർ ഓഹരി 98800 രൂപ സർക്കാരിലേക്ക് അടച്ചിട്ടുള്ളതും ലിക്വിഡേറ്റർ ചാർജ്ജ് ആയി 18832 രൂപ ട്രഷറിയിൽ അടച്ചിട്ടുള്ളതും ആണ്. ബാക്കി 6576.57 രൂപ ലിക്വിഡേറ്റർ പേരിൽ ഉള്ള അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ട്. കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കൽ നടപടികൾക്കെതിരെ ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ 26-6-2018-ലെ കേരള ഗസറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ചതും ആയത് പ്രകാരം ആരും തന്നെ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതും ആണ്. സംഘത്തിന്റെ കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ലാത്തതാണ്. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് Ledger, Day book തുടങ്ങിയ യാതൊരു രേഖകളും ലഭ്യമല്ലാത്തതാണ്. സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 322 സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (3) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 322-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (2) തീരുമാനവും കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(3) പ്രകാരമുള്ള ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(14)

നമ്പർ 3259/2025/എ.ഇ.എൽ. 2025 സെപ്റ്റംബർ 30.

വിഷയം :—സമാപ്തീകരണം—ഇരവേലി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 128-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 8-10-1987 തീയതിയിലെ സി. എസ്. 1002/86 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 30-8-2025 തീയതിയിലെ 497/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) ഇരവേലി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 128 ലിക്വിഡേറ്ററുടെ 29-9-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(4) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-9-2025-തീയതിയിലെ 1493/1987UI(2) നമ്പർ കത്ത്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം ഇരവേലി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 128-ന്റെ ലിക്വിഡേറ്ററായി കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മട്ടാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ 23-10-1987-ൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ അവകാശ വാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. 31-7-2023-ൽ കൊച്ചി സഹകരണ ആഡിറ്റ് ഡയറക്ടർക്ക് ടി സംഘത്തിന്റെ ആഡിറ്റ് എന്ന് വരെ പൂർത്തിയായിട്ടുണ്ടെന്നും ഒടുവിലത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ഉന്നയിച്ചുള്ള കത്ത് നൽകിയിയിട്ടുണ്ട്. ആയതിന്റെ മറുപടിയായി 9-8-2023-ൽ ടി സംഘത്തിന്റെ യാതൊരു വിവരങ്ങളും ലഭ്യമല്ല എന്ന് കൊച്ചി ആഡിറ്റ് ആഫീസിൽ നിന്നും അറിയിക്കുകയുണ്ടായി. സംഘത്തിനെ സംബന്ധിച്ച കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ല. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് രേഖകളും ലഭ്യമല്ലാത്തതാണ്. ഓഫീസിലെ ലഭ്യമായ രേഖകളിൽ നിന്നും 1500 രൂപ സർക്കാർ ഓഹരി അടയ്ക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു. ബാദ്ധ്യതകൾ കൊടുത്ത് തീർക്കുന്നതിനായി ലിക്വിഡേറ്ററുടെ കൈവശം ഫണ്ടില്ലാത്ത സാഹചര്യത്തിൽ കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച് അടച്ചിട്ടുള്ളതാണ്. സംഘത്തിന്റെ കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ലാത്തതാണ്. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് Ledger, Day book തുടങ്ങിയ യാതൊരു രേഖയും ലഭ്യമല്ലാത്തതാണ്. സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

ഇരവേലി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 128-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനവും കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(4) പ്രകാരമുള്ള ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(15)

നമ്പർ 2594/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 17.

വിഷയം :—സമാപ്തീകരണം—എസ്.ബി.ഐ. സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ E 269-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 1-2-2023-ലെ എ.ഇ.എൽ. 144/2023 നമ്പർ ഉത്തരവ്.

(2) കൊച്ചിൻ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ 322 ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(3) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 9-9-2025 തീയതിയിലെ 137/2023 നമ്പർ കത്ത്.

എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം എസ്.ബി.ഐ. സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 269-ന്റെ ലിക്വിഡേറ്ററായി കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മട്ടാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ ഓഡിറ്റ് സർട്ടിഫിക്കറ്റ്, നാൾവഴി മുതലായ യാതൊന്നും ലഭ്യമല്ലാത്തതാണ്. അവസാന ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല എന്ന് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ സംഘത്തിന്റെ ശരിയായ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. കേരള സഹകരണ സംഘം നിയമം ചട്ടം 69(2) പ്രകാരം ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും ആരും തന്നെ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതും ആണ്. സംഘത്തിന്റെ കിട്ടാനുള്ളതും കൊടുക്കാനുള്ളതും ആയ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ലാത്തതാണ്. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് Ledger, Day book തുടങ്ങിയ യാതൊരു രേഖകളും ലഭ്യമല്ലാത്തതാണ്. ആഡിറ്റിൽ RNA വിഭാഗത്തിലാണ് ഈ സൊസൈറ്റിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. സംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും എസ്.ബി.ഐ. സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ E 269 സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യണമെന്ന് ലിക്വിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(3) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

എസ്. ബി. ഐ. സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ E 269-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലികിഡേറ്ററുടെ സൂചന (2) തീരുമാനവും കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(3) പ്രകാരമുള്ള ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(16)

നമ്പർ 2795/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 25.

വിഷയം :—സമാപ്തീകരണം—പറവൂർ ടൗൺ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 918-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എറണാകുളത്തിന്റെ 19-1-2023 തീയതിയിലെ 217/2023 എ.ഇ.എൽ നമ്പർ ഉത്തരവ്.

(2) പറവൂർ ടൗൺ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 918-ന്റെ ലികിഡേറ്ററുടെ 18-1-2025 തീയതിയിലെ 1 നമ്പർ തീരുമാനം.

(3) നോർത്ത് പറവൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-9-2025 തീയതിയിലെ കത്ത്.

പറവൂർ ടൗൺ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 918 എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലികിഡേറ്ററായി പറവൂർ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലികിഡേറ്റർ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ആയതു പ്രകാരം 26-5-2023-ൽ ലികിഡേറ്റർ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ലികിഡേഷൻ നടപടികളുടെ ഭാഗമായി 23-9-2023-ൽ ക്ലെയിം നോട്ടീസ് പുറപ്പേടുവിച്ചെങ്കിലും അവകാശവാദം ഉന്നയിച്ച് ആരും തന്നെ ലികിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. ലികിഡേറ്റർ ചാർജ്ജെടുത്ത തീയതി വരെയുള്ള ഓഡിറ്റ് പൂർത്തീകരിക്കുന്നതിനു 16-12-2024-ൽ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)-ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും സംഘം വക രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ നാളിതുവരെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. 1994-95 വർഷം മുതൽ സംഘത്തെ ആർ. എൻ. എ -യിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും ടി വർഷങ്ങളിലെ രേഖകൾ ജീർണ്ണിച്ച അവസ്ഥയിൽ ആയതിനാൽ സംഘത്തിന്റെ അവസാന ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമല്ല എന്നും അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)-ന്റെ മറുപടി ലഭിക്കുകയും ചെയ്തു. സംഘം റെക്കോർഡുകൾ ഒന്നും ലഭ്യമല്ലാത്തതിനാൽ സംഘാംഗങ്ങളെക്കുറിച്ചോ മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചോ മനസ്സിലാക്കുവാൻ ലികിഡേറ്റർക്ക് സാധിച്ചിട്ടില്ല. ടി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ രേഖകളും കണക്കുകളും ഒന്നും ലഭ്യമല്ലാത്തതിനാലും സംഘാംഗങ്ങളെക്കുറിച്ചോ മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചോ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും പുനരുജ്ജീവന സാദ്ധ്യത ഇല്ലാത്തതിനാലും പറവൂർ ടൗൺ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 918 സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുന്നതിന് ലികിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് നോർത്ത് പറവൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(3) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പറവൂർ ടൗൺ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 918-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലികിഡേറ്ററുടെ സൂചന (2) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(17)

നമ്പർ 528/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 27.

വിഷയം :—സമാപ്തീകരണം—അശോക ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4153-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)എറണാകുളത്തിന്റെ 10-8-2009-ലെ സി. ആർ. ബി 3369/08/കെ.ഡിസ് നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 1-9-2025 തീയതിയിലെ 528/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) അശോക ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4153-ന്റെ ലികിഡേറ്ററുടെ 17-9-2025 തീയതിയിലെ തീരുമാനവും റിപ്പോർട്ടും.

(4) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 17-9-2025 തീയതിയിലെ ARGALA/692/2025 നമ്പർ കത്ത്.

അശോക ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4153-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനായി ചെങ്ങമനാട് യൂണിറ്റ് ഇൻസ്പെക്ടറെ ലികിഡേറ്ററായി നിയമിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ആയതു പ്രകാരം 30-11-2009-ൽ ലികിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളതാണ്. ലികിഡേഷൻ നടപടികളുടെ ഭാഗമായി 18-8-2014-ൽ ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും അവകാശവാദം ഉന്നയിച്ച അംഗങ്ങളുടെ ഷെയർ അടച്ചതുകയുടെ 60% തിരിച്ച് നൽകിയിട്ടുള്ളതാണ്. ആയതിന് ശേഷം ആരും തന്നെ അവകാശവാദവുമായി ലികിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. ലികിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ മേൽപറഞ്ഞ തുകകൾ എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംഘത്തിന്റെ നിലവിലെ ബാക്കിപത്ര പ്രകാരം ആസ്തി ബാദ്ധ്യതകൾ ഒന്നും നിലവിൽ ഇല്ലാത്തതാണ്. മേൽ സാഹചര്യത്തിലും അശോക ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4153 സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തികരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അശോക ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4153-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വരുന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശസഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(18)

നമ്പർ 829/2025/എ.ഇ.എൽ. കെ.ഡിസ്. 2025 നവംബർ 20.

വിഷയം :—സമാപ്തീകരണം—അങ്കമാലി പാറക്കടവ് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 929-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-12-2005-ലെ എച്ച്. എം. 2287/2003 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-8-2025 തീയതിയിലെ 829/2025 എ.ഇ.എൽ നമ്പർ ഉത്തരവ്.

(3) അങ്കമാലി പാറക്കടവ് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 929-ന്റെ ലിക്വിഡേറ്ററുടെ 7-10-2025 തീയതിയിലെ 1 നമ്പർ തീരുമാനം.

(4) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 8-10-2025 തീയതിയിലെ ARGALA/514/2025 നമ്പർ കത്ത്.

അങ്കമാലി പാറക്കടവ് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 929 എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി അങ്കമാലി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 31-1-2006-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. കേരള സഹകരണ സംഘം നിയമം പ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുകകൾ ലഭിക്കുവാൻ ബാക്കി നിൽപ്പുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ 17-9-2024 തീയതിയിൽ ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി ആരും തന്നെ അവകാശവാദവുമായി വന്നിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തുതീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 10-9-2025-ന് നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ആരുംതന്നെ ഹാജരാവാത്ത സാഹചര്യത്തിലും സംഘത്തിന്റെ കണക്കുകൾ അംഗീകരിക്കുകയും അങ്കമാലി പാറക്കടവ് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 929-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അങ്കമാലി പാറക്കടവ് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 929-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശസഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(19)

നമ്പർ 856/2025/എ.ഇ.എൽ. കെ.ഡിസ്. 2025 ഒക്ടോബർ 27.

വിഷയം :—സമാപ്തീകരണം—അങ്കമാലി കാലടി റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 1047-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 8-7-2015-ലെ എച്ച്. എം. 2122/2015 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 17-9-2025 തീയതിയിലെ 856/2025 എ.ഇ.എൽ നമ്പർ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) അങ്കമാലി കാലടി റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1047-ന്റെ ലിക്വിഡേറ്ററുടെ 7-10-2025 തീയതിയിലെ 1 നമ്പർ തീരുമാനം.

(4) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 8-10-2025 തീയതിയിലെ ARGALA/514/2025 നമ്പർ കത്ത്.

അങ്കമാലി കാലടി റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1047 എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി അങ്കമാലി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 1-9-2015-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. കേരള സഹകരണ സംഘം നിയമം 69(2) പ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുകകൾ ലഭിക്കുവാൻ ബാക്കി നിൽപ്പുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ 1-6-2025 തീയതിയിൽ ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി ആരും തന്നെ അവകാശവാദവുമായി വന്നിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 6-10-2025-ന് നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരാവാത്ത സാഹചര്യത്തിലും സംഘത്തിന്റെ കണക്കുകൾ അംഗീകരിക്കുകയും അങ്കമാലി കാലടി റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 1047-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അങ്കമാലി കാലടി റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 1047-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയശേഷം മിച്ചം വരുന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശസഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(20)

നമ്പർ 846/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 17.

വിഷയം :—സമാപ്തീകരണം—ആലുവ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 923-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ 14-10-2005-ലെ എച്ച്. എം./2288/2003 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-8-2025 തീയതിയിലെ 846/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) ആലുവ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 923-ന്റെ ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ തീരുമാനം.

(4) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGALA/91/2025 നമ്പർ കത്തും ലിക്വിഡേറ്ററുടെ റിപ്പോർട്ടും.

ആലുവ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 923-ന്റെ എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി ആലുവ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. സംഘത്തിന്റെ മിനിറ്റ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഒഴികെ സംഘത്തിന്റെ മറ്റ് റെക്കാർഡുകൾ 2018-ലെ മഹാപ്രളയത്തിൽ വീണ്ടെടുക്കാനാകാത്തവിധം നശിച്ചുപോയിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തുതീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതിത്തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംഘത്തിന്റെ നിലവിലെ ബാക്കിപത്ര പ്രകാരം ആസ്തി ബാധ്യതകൾ ഒന്നും നിലവിലില്ലാത്തതാണ്. മേൽ സാഹചര്യത്തിലും ആലുവ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 923 സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തികരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

ആലുവ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 923-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചു കൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(21)

നമ്പർ 637/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 17.

വിഷയം :—സമാപ്തീകരണം—കടുങ്ങല്ലൂർ എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 881-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ 26-5-2006-ലെ എച്ച്. എം./1960/2003 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-8-2025 തീയതിയിലെ 637/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) കടുങ്ങല്ലൂർ എഡ്യുക്കേഷണൽ സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 881-ന്റെ ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ തീരുമാനം.

(4) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 10-9-2025 തീയതിയിലെ ARGALA/92/2025 നമ്പർ കത്തും ലിക്വിഡേറ്ററുടെ റിപ്പോർട്ടും.

കടുങ്ങല്ലൂർ എഡ്യൂക്കേഷണൽ സഹകരണസംഘം ക്ലിപ്തം നമ്പർ ഇ 881 എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി ആലുവ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. സംഘത്തിന്റെ അവസാന വർഷ ഓഡിറ്റ് പൂർത്തിയായത് 1992-93-ൽ ആണെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അവസാന വർഷ ഓഡിറ്റ് നോട്ട്/സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല. സംഘം റെക്കോർഡുകൾ 2018-ലെ മഹാപ്രളയത്തിൽ വീണ്ടെടുക്കാനാകാത്തവിധം നശിച്ചുപോയിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തുതീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതിത്തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കടുങ്ങല്ലൂർ എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 881-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തികരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കടുങ്ങല്ലൂർ എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 881-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(22)

നമ്പർ 529/2025/എ.ഇ.എൽ കെ.ഡിസ് 2025 ആഗസ്റ്റ് 24.

വിഷയം :—സമാപ്തീകരണം—സ്റ്റാൻഡേർഡ് പോട്ടറി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 168-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) 14-7-2014 തീയതിയിലെ സി.എസ്./8895/2012 നമ്പർ ഉത്തരവ്.

(2) സ്റ്റാൻഡേർഡ് പോട്ടറി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 168-ന്റെ ലിക്വിഡേറ്ററുടെ 16-8-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(3) ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-8-2025 തീയതിയിലെ ARGALA/94/2025 നമ്പർ കത്ത്.

എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം സ്റ്റാൻഡേർഡ് പോട്ടറി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 168-ന്റെ ലിക്വിഡേറ്ററായി ആലുവ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും ലിക്വിഡേറ്റർ 4-8-2014-ൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി 28-3-2025-ൽ ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. സംഘം വക രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ നാളിതുവരെ ആഡിറ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അവസാന വർഷ ആഡിറ്റ് സർട്ടിഫിക്കറ്റും ഇതുവരെ ലഭ്യമായിട്ടില്ല. സംഘം റെക്കോർഡുകൾ ഒന്നും ലഭ്യമാവാത്ത തിനാലും സംഘാംഗങ്ങളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും വിവരങ്ങൾ ലഭ്യമാവാത്തതിനാലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യണമെന്ന് ലിക്വിഡേറ്റർ സൂചന (2) പ്രകാരം തീരുമാനമെടുത്ത് ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന(3) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

സ്റ്റാൻഡേർഡ് പോട്ടറി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 168-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ പരാമർശം (2) തീരുമാനവും ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)പരാമർശം (3) പ്രകാരമുള്ള ശുപാർശയും അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(23)

നമ്പർ 823/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 17.

വിഷയം :—സമാപ്തീകരണം—ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 4235-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം രജിസ്ട്രാറുടെ 5-2-1966-ലെ 426/65/പി.എൽ.(3) നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 1-10-2014 തീയതിയിലെ എ.ഇ.എൽ. 7594/2014 നമ്പർ ഉത്തരവ്.

(3) ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 4235-ന്റെ ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ തീരുമാനം.

ആലുവ താലൂക്കിന്റെ പരിധിയിലുള്ള ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 4235, 17-3-1958-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 20-4-1958-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി ആലുവ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-നെ നിയമിച്ചിട്ടുള്ളതുമാണ്. ലിക്വിഡേറ്റർ 6-10-1966-ൽ ചാർജ്ജ് എടുത്തിട്ടുണ്ട്. ഈ സംഘത്തിൽ നിന്ന് സർക്കാരിലേക്ക് അടക്കുവാൻ ഉള്ള തുകയെല്ലാം അടച്ചിട്ടുള്ളതാണ്. ഓഹരി തുകയെ സംബന്ധിച്ചും സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകയെ സംബന്ധിച്ചുള്ള ക്ലെയിം നോട്ടീസ് 31-10-1966-ൽ 42-8/66 എന്ന നമ്പർ പ്രകാരം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘത്തിലെ യാതൊരു അംഗവും അവകാശവാദം ഉന്നയിച്ച് ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതുമാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ മേൽപറഞ്ഞ തുകകൾ എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. 17-3-1958-ൽ രജിസ്റ്റർ ചെയ്ത് 20-4-1958-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ അംഗങ്ങളെ സംബന്ധിച്ച് യാതൊരുവിധ റിക്കാർഡുകളോ, അനുബന്ധ രേഖകളോ ലഭ്യമല്ലാത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാഹചര്യമാണ് നിലവിലുള്ളത്. സംഘത്തിന്റെ ഒരു നാൾവഴിയും മറ്റ് ഫയലുകളും മാത്രമാണ് സംഘത്തിന്റേതായി ഉള്ളു. ലിക്വിഡേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി സംഘം 1958/59 കാലഘട്ടത്തിൽ ഉള്ളതിനാൽ ഇത് സംബന്ധിച്ച് യാതൊരു തർക്കങ്ങൾക്കും അടിസ്ഥാനം ഇല്ല എന്നും, ആയതിനാൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 74-ൽ അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 4235 സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് റദ്ദാക്കാവുന്നതാണെന്ന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 4235-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(24)

നമ്പർ 550/2025/എ.ഇ.എൽ.കെ.ഡിസ്. 2025 സെപ്റ്റംബർ 20.

വിഷയം :—സമാപ്തീകരണം—കോതമംഗലം താലൂക്ക് മഹിളാ ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 911-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എറണാകുളത്തിന്റെ 26-5-2014 തീയതിയിലെ എച്ച്. എം. 2459/2014 നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 1-9-2025 തീയതിയിലെ 550/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) കോതമംഗലം താലൂക്ക് മഹിളാ ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 911-ന്റെ ലിക്വിഡേറ്ററുടെ 12-9-2025 തീയതിയിലെ തീരുമാനം.

(4) കോതമംഗലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 12-9-2025 തീയതിയിലെ ARGKGM/364/2025 നമ്പർ കത്ത്.

കോതമംഗലം താലൂക്ക് മഹിളാ ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 911 എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി കോതമംഗലം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളതുമാണ്. ആയത് പ്രകാരം 26-5-2014-ൽ ലിക്വിഡേറ്റർ ചാർജ്ജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എടുത്തിട്ടുള്ളതുമാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി 26-3-2025-ൽ ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും അവകാശവാദം ഉന്നയിച്ച് ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. പ്രവർത്തനം ആരംഭിച്ച സാമ്പത്തിക വർഷത്തെ അവസാന വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചത് 1992-1993-ലാണെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. സംഘത്തിൽ പിന്നീട് യാതൊരു പ്രവർത്തനവും നടന്നിട്ടില്ലാത്തതും ആണ്. സംഘം വക രേഖകളൊന്നും തന്നെ ലഭ്യമല്ലാത്തതിനാൽ നാളിതുവരെ ആഡിറ്റ് പൂർത്തീകരിക്കാത്തതിനും സാധിച്ചിട്ടില്ലാത്തതാണ്. ലിക്വിഡേറ്റർ തയ്യാറാക്കി സമർപ്പിച്ച ബാക്കിപത്രത്തിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തുതീർക്കുന്നതിനും കഴിയാത്തതിനാൽ മേൽ പറഞ്ഞ തുകകൾ എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംഘത്തിന്റെ നിലവിലെ ബാക്കി പത്ര പ്രകാരം ആസ്തി ബാധ്യതകൾ ഒന്നും നിലവിലില്ലാത്തതാണ്. മേൽ സാഹചര്യത്തിലും കോതമംഗലം താലൂക്ക് മഹിളാ ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 911 സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കോതമംഗലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കോതമംഗലം താലൂക്ക്, മഹിളാ ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 911-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ആഫീസ്, എറണാകുളം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.10 03:22:27 +05:30